**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **06-07-2022 - ൽ മറുപടിയ്ക്ക്**

**കേരളം നേട്ടങ്ങൾ കൈവരിച്ച മേഖലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏതെല്ലാം മേഖലകളിലാണ് മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്ന് വിശദമാക്കാമോ; | (എ) | ക്ഷേമ വികസന മേഖലകളിൽ കേരളത്തിന്റെ ഒന്നാം സ്ഥാനത്തിന് കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ലോകസ്വീകാര്യത ലഭിച്ചിട്ടുണ്ട്. നീതി ആയോഗും ഐക്യരാഷ്ട്ര സഭയും (UN in India) സംയുക്തമായി ദേശീയതലത്തിലും സംസ്ഥാന/കേന്ദ്രഭരണ പ്രദേശതലത്തിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുള്ള പുരോഗതി അളക്കുന്നതിനായി ഓരോ വർഷവും തയ്യാറാക്കുന്ന റിപ്പോർട്ടാണ് SDG ഇന്ത്യ ഇൻഡക്സ് റിപ്പോർട്ട്. സുസ്ഥിര വികസന ലക്ഷ്യത്തിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചതിന്റെ പ്രതിഫലനമാണ് 2018 മുതൽ പ്രസിദ്ധീകരിക്കുന്ന SDG ഇന്ത്യ ഇൻഡക്സ് റിപ്പോർട്ടിൽ തുടർച്ചയായി മൂന്നാമതും കേരളം ഒന്നാമതെത്തിയത്.<br><br>ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി ഭരണം നടക്കുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരവും കേരളത്തിന് ലഭിച്ചു. വളർച്ച, സാമൂഹ്യനീതി, സുസ്ഥിര വികസനം, തുല്യത എന്നീ മേഖലകൾക്ക് ഊന്നൽ നൽകി മുന്നേറുന്ന വികസന ശൈലിയുടെ മികവാണ് കേരളത്തെ ഈ പുരസ്കാരത്തിന് പ്രാപ്തമാക്കിയത്. ട്രാൻസ്പരൻസി ഇൻറർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസ് പ്ലാറ്റ്ഫോമും നടത്തിയ ഇന്ത്യ കറപ്ഷൻ സർവ്വേയിൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെയാണ് തിരഞ്ഞെടുത്തത്. ശാന്തവും സമാധാന പൂർണ്ണവുമായ സാമൂഹ്യ ജീവിതം ഉറപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. ക്രമസമാധാനപാലനത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനവും കേരളമാണ്. രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന മിനിമം കൂലി ലഭിക്കുന്നത് കേരളത്തിലാണ്. മലയാളികളുടെ പ്രതിശീർഷ വരുമാനം ദേശീയ |

| | | | |
|---|---|---|---|
| | | | ശരാശരിയേക്കാൾ 50 ശതമാനം ഉയർന്നതാണ്. നൂറു ശതമാനം വൈദ്യുതീകരണം പൂർത്തിയാക്കി SDG (Clean and Affordable energy) എന്ന ലക്ഷ്യം പൂർണ്ണമായി കൈവരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. Percentage of renewable energy out of total installed capacity എന്ന സൂചകത്തിലും നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു. കേരളത്തിൽ National Food Security ACT (NFSA) ന്റെ ഉണഭോക്താക്കൾ 100% ആണ്. ശിശുമരണ നിരക്കും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്. ദേശീയ തലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻ ഡേർഡിൽ ആദ്യ പന്ത്രണ്ട് സ്ഥാനങ്ങളിലും ഉള്ളത് കേരളത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്. ഏറ്റവും ഉയർന്ന ജീവിതായുസ്സും ലിംഗ അനുപാതവും കേരളത്തിലാണ്. ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ഗർഭിണികളിലെ വിളർച്ച, കൗമാര പ്രായക്കാരിലെ വിളർച്ച എന്നീ സൂചകങ്ങളിൽ കേരള നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചു. ഇതിനുപുറമെ MMR, Institutional deliveries, Total Physicians, Nurse and Mid wives എന്നീ സൂചകങ്ങളിലും 100 % സ്കോർ നേടി.കാർഷിക മേഖലയിലെ GVR per worker എന്ന സൂചകത്തിന്റെ സ്കോർ 100 - ൽ എത്തി. Nitrogen out of total NPK എന്ന സൂചകത്തിലും കേരളം നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചു. പഠന പ്രായത്തിലെ ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളിൽ ചേർന്ന് പത്താം ക്ലാസ് വരെ പഠിക്കുന്നു. കൊഴിഞ്ഞുപോക്ക് ഏറ്റവും താഴ്ന്നത് കേരളത്തിലാണ്. വിദ്യാലയങ്ങളിലെ വൈദ്യുതി-കുടിവെള്ള ലഭ്യത, വിദ്യാർത്ഥി-അധ്യാപക അനുപാതം, എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കേരളത്തിന് സാധ്യമായി. ഉന്നത വിദ്യാഭ്യാസത്തെ ലിംഗ തുല്യത എന്ന സൂചകത്തിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു.Head count ratio as per Multidimensional poverty Index, Population living below National Poverty Line എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു. |
| (ബി) | ഇതിനുള്ള അംഗീകാരമായി ഇക്കഴിഞ്ഞ 6 വർഷത്തിനിടെ ഏതൊക്കെ പുരസ്കാരങ്ങൾ സംസ്ഥാന സർക്കാരിന് കൈവരിക്കാനായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഭരണമികവിന്റെ ഭാഗമായി സർക്കാരിന് ലഭിച്ച അവാർഡുകളുടെ വിശദാംശംങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. നീതി ആയോഗിന്റെ സുസ്ഥിര വികസനലക്ഷ്യ സൂചികയിൽ തുടർച്ചയായി നാലാം തവണയും കേരളം ഒന്നാമതാണ്.

2. ഇന്ത്യാടുഡെ സർവ്വേയിൽ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

3. ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്ന നടത്തിയ ഇന്ത്യാ കറപ്ഷൻ സർവേയിലും 2019 -ൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

4. പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്രവിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹയായി.

5. നീതി ആയോഗ് ആരോഗ്യമേഖലയ്ക്കായി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് പ്രകാരം കേരളത്തിന് തുടർച്ചയായ രണ്ടുവർഷങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചു.

6. ശിശുമരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ഏറ്റവും കുറവും കേരളത്തിലാണ്.

7. ഏറ്റവും മികച്ച പ്രതിരോധകുത്തിവയ്പ്പ് നൽകുന്ന സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു.

8. നാഷണൽ ഫാമിലി ഹെൽത്ത് സർവെയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

9. മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് 2019-ൽ ലഭിച്ചു.

10. 2019-ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി കയ്യൂർ കുടുംബാരോഗ്യകേന്ദ്രം മാറി.

11. 2019-ലെ ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു.

12. 'ഭിന്നശേഷിനയം 2016' നടപ്പിലാക്കുന്നതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹികനീതി വകുപ്പ് നൽകുന്ന 2018 ലെ ദേശീയ അവാർഡ്.

13. എൻ.എച്ച്.എഫ്.ഡി.സി.യുടെ മികച്ച സംസ്ഥാന വികലാംഗ കോർപ്പറേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

14. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ (എഫ്.എസ്.എസ്.എ.ഐ) ആദ്യ ഭക്ഷ്യ സുരക്ഷാ സൂചികയിൽ (സ്റ്റേറ്റ് ഫുഡ് സേഫ്റ്റി ഇൻഡക്സ്) കേരളം ഒന്നാം നിരയിലെത്തി.

15. 2018-19, 2019-20 വർഷങ്ങളിൽ വനിതാ ശാക്തീകരണത്തിന് വേണ്ടി നടത്തിയ പ്രവർത്തനത്തിൽ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അവാർഡ് വനിതാ വികസന കോർപ്പറേഷന് ലഭിച്ചു.

16. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്കൂൾ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്ന സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമതെത്തി.

17. പെൺകുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയ തലത്തിൽ കേരളം ഒന്നാമതാണ്.

18. 2019 ലെ രാജ്യത്തെ മികച്ച സർക്കാർ വിദ്യാലയങ്ങളുടെ പട്ടികയിൽ കോഴിക്കോട് നടക്കാവ് സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു.

19. സമഗ്രശിക്ഷാ പ്രവർത്തനങ്ങളുടെ സൂചികയിൽ കേരളം 2018-19, 2019-20 വർഷങ്ങളിൽ ഒന്നാം ഗ്രേഡിൽ എത്തി.

20. പ്രധാനമന്ത്രി സ്വഛ്ഭാരത് പദ്ധതിയിൽ കേരളം ഒന്നാമതാണ്.

21. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം കേരളമാണ്.

22. തൊഴിലുറപ്പ് പദ്ധതിയിൽ മികവുറ്റ ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിനാണ്.

23. ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന്' കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു.

24. 2019-20 ൽ ടെക്നോപാർക്കിന് ക്രിസിൽ - എ റേറ്റിങ് ക്രിസിൽ - എ സ്റ്റേബിൾ റേറ്റിങ് ലഭിച്ചു.

25. കേന്ദ്ര നഗര ഭവന മന്ത്രാലയത്തിന്റെ നഗര ബസ് സേവന പദ്ധതിക്കുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു. അനസ്യൂത യാത്ര കൊച്ചി എന്ന പദ്ധതിക്കാണ് അവാർഡ്.

26. 2019 ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡ് - കേരളത്തിലെ എനർജി മാനേജ് മെന്റ് സെന്ററിനാണ് ലഭിച്ചത്.

27. ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യാ റിപ്പോർട്ട് അനുസരിച്ച് വനവിസ്തൃതി വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിലാണ്.

28. മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടിക ജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി - പട്ടികവർഗ വികസന കോർപ്പറേഷന് ലഭിച്ചു.

29. 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം.

30. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം.

31. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം.

32. അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.

33. ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം

34. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0 ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്.

35. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്.

36. രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്

37. കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം.

38. മത്സ്യബന്ധന മേഖലയിലെ ഏറ്റവുംമികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു.

39. വയോജനപരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം.

40. കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്.

41. പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ് ഇന്ത്യ) 11-ാം മത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്.

42. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം.

43. നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ.

44. ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021 ൽ കേരളം ഭാരത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് പ്രഖ്യാപിച്ചു.

45. പുരപ്പുറ സോളാർ പദ്ധതിയ്ക്ക് EQ International Magazine പുരസ്കാരം.ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം.

46. ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.

47. ക്ഷയരോഗ നിവരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം.

സെക്ഷൻ ഓഫീസർ